പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 728

29/10/2019 - ൽ മറുപടിക്ക്

## സഹകരണ മേഖലയിലെ അപ്പെക്സ് സ്ഥാപനങ്ങളിലെ നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും<br>ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് സഹകരണ മേഖലയിലെ അപ്പെക്സ് സ്ഥാപനങ്ങളിലെ നിയമനം പബ്ലിക് സർവ്വീസ് കമ്മീഷന് നൽകിയിട്ടുണ്ടോ;എങ്കിൽ എന്നാണ് നൽകിയത്; | എ) | സഹകരണ നിയമത്തിലെ വകുപ്പ് 80(3 എ) പ്രകാരം ഷെഡ്യൂൾ 1 ൽ ഉൾപ്പെടുത്തിയിട്ടുളള 15 സഹകരണ അപ്പെക്സ് സ്ഥാപനങ്ങളിലെയും, 14 ജില്ലാ സഹകരണ ബാങ്കുകളിലേയും നിയമനം പി.എസ്.സി തയ്യാറാക്കുന്ന തെരഞ്ഞെടുക്കപ്പെട്ട പട്ടികയിൽ നിന്നും സംവരണതത്വം പാലിച്ചുകൊണ്ട് നടത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് 1995 ഏപ്രിൽ 25 ന് പ്രാബല്യത്തിൽ വന്നിട്ടുളളതാണ്. |
| ബി) | ഇപ്രകാരം നൽകിയ ഏതെങ്കിലും അപ്പെക്സ് സഹകരണ സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി.വഴി നടത്തുവാൻ സാധിക്കാത്ത സാഹചര്യമുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളിലെ നിയമനം എന്ന് വ്യക്തമാക്കുമോ; | ബി) | ഇല്ല. റിക്രൂട്ട്മെന്റ് റൂൾസ് അംഗീകരിച്ചിട്ടുളള സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി വഴി നടത്തുന്നുണ്ട്. സഹകരണ മേഖലയിലെ അപ്പെക്സ് സ്ഥാപനങ്ങളായ വനിതാഫെഡ്, ഹോസ്പിറ്റൽ ഫെഡ്, ടൂർഫെഡ് എന്നീ 3 സ്ഥാപനങ്ങളുടെ റിക്രൂട്ട്മെന്റ് റൂൾസ് തയ്യാറാക്കി വരുന്നു. റിക്രൂട്ട്മെന്റ് റൂൾസ് അംഗീകരിക്കുന്ന മുറയ്ക്ക് ഈ വിഷയം പരിശോധിച്ച് പി.എസ്.സി വഴി നിയമനം നടത്തുന്നതിനുളള നടപടികൾ സംബന്ധിച്ച് തീരുമാനം കൈക്കൊളളുന്നതായിരിക്കും. |
| സി) | സ്പെഷ്യൽ റൂൾസ് ഉണ്ടാക്കുന്നതിലെ കാലതാമസമാണോ പി.എസ്.സി. നിയമനത്തിന് തടസ്സമായിട്ടുളളത്; എങ്കിൽ സ്പെഷ്യൽ റൂൾസ് അടിയന്തരമായി തയ്യാറാക്കി നിയമനങ്ങൾ പി.എസ്.സി. വഴി ആക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | സി) | സ്പെഷ്യൽ റൂൾസ് തയ്യാറാക്കാത്ത സ്ഥാപനങ്ങൾ അടിയന്തിരമായി തയ്യാറാക്കി പി.എസ്.സി വഴി നിയമനങ്ങൾ നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ